# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3217

13.03.2017-ൽ മറുപടിക്ക്

**തദ്ദേശഭരണ വകുപ്പിന്റെ പദ്ധതി നിർവ്വഹണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സാമ്പത്തിക വർഷാവസാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിൽ തടസ്സം നേരിടുന്നുണ്ടോ; വിശദീകരിക്കാമോ; | എ) ഇല്ല. |
| ബി) തദ്ദേശഭരണ വകുപ്പിന്റെ പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ പരിശോധിച്ചപ്പോൾ എന്തെല്ലാം ഘടകങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; | ബി) 2016-17 സാമ്പത്തിക വർഷത്തിലെ പ്രോജക്ടുകൾക്ക് ഡി.പി.സി അംഗീകാരം ലഭിക്കാൻ വൈകിയതും ജീവനക്കാരുടെ അഭാവവും പദ്ധതി നിർവഹണത്തെ ആരംഭത്തിൽ തടസ്സപ്പെടുത്തിയിരുന്നു. നോൺ ബാങ്കിംഗ് ട്രഷറിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ബില്ലുകൾ മാറുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്.<br>നോട്ട് അസാധുവാക്കൽ തീരുമാനത്തിന്റെ ഫലമായി ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പണം ക്രമാനുഗതമായി ചെലവഴിക്കുന്നതിൽ തടസ്സം നേരിടുകയും ടെണ്ടർ നടപടികൾ ആരംഭിക്കാൻ വൈകുകയും ചെയ്തു. കൂടാതെ കറൻസിയുടെ ലഭ്യത കുറവു മൂലം തൊഴിൽ മേഖലയിലെ മരവിപ്പും ക്വാറി സമരങ്ങളും മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിൽ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറാകാത്ത |

| | | | |
|---|---|---|---|
| | | | അവസ്ഥയും പദ്ധതി നിർവ്വഹണം മന്ദഗതിയിലാക്കി. കൂടാതെ ഗുണഭോക്തൃ സമിതി ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാകാൻ താമസം നേരിട്ടതും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി ചെലവ് കുറയുന്നതിന് കാരണമായി. |
| സി) | അധികവിഹിതം അനുവദിക്കുന്നതിന് സർക്കാരിൽ നിന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകേണ്ട സമയത്ത് പ്രസ്തുത അധിക തുക അനുവദിക്കുവാൻ സാധിച്ചുവോ; വിശദീകരിക്കാമോ? | സി) | 16.01.2017 ലെ GO(Rt)No.346/2017/Fin നമ്പർ ഉത്തരവ് പ്രകാരം അധിക വിഹിതം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകേണ്ട സമയത്ത് തന്നെ അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ